"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആസൂത്രണസാമ്പത്തികകാര്യ വകുപ്പ് - സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് - ജീവനക്കാര്യം - സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ പ്രൊവിഷണൽ പ്രൊമോഷൻ റഗുലറൈസ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.221/2021/പ്ലാനിംഗ് തീയതി.തിരുവനന്തപുരം. 13/05/2021

പരാമർശം:- 1 02/07/2010-ലെ സ.ഉ. (സാധാ) നം.227/2010/പ്ലാനിംഗ്

2 21/03/2012-ലെ സ.ഉ.(സാധാ) 100/2012/പ്ലാനിംഗ്

3 03/05/2019-ലെ സ.ഉ(പി) നം.18/2019/പ്ലാനിംഗ്

4 സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറുടെ 22/07/2019, 01/11/2019, 22/06/2020, 17/04/2021 തീയതികളിലെ ഇബി1 /27290/2014/ ഡി.ഇ.എസ് നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർമാരായിരുന്ന ശ്രീമതി.കെ.കെ.ഷൈലമ്മ, ശ്രീമതി.എൽ.ശോഭനാപിള്ള, ശ്രീമതി.മോളിക്കുട്ടി സി.വർക്കി. ശ്രീ.ജി.ചന്ദ്രശേഖരപിള്ള, ശ്രീ.കെ.പി.വിജയൻ, ശ്രീമതി.പി.കെ.ശാലിനി, ശ്രീമതി.എസ്.ലീലാദേവി. ശ്രീ.വി.കെ.ശ്രീജൻ എന്നീ 8 ഉദ്യോഗസ്ഥർക്ക് പരാമർശം 1 പ്രകാരവും ശ്രീ .എസ്.അബ്ദുൾ സലാം. ശ്രീ.പി.വി.അബ്ദുൾ റജിബ്, ശ്രീമതി.എ.ആർ.യമുന, ശ്രീ.എസ്.ഗോപകുമാർ, ശ്രീമതി.കെ.സലീന. ശ്രീ.പി.കെ.അജിത് കുമാർ എന്നീ 6 ഉദ്യോഗസ്ഥർക്ക് പരാമർശം 2 പ്രകാരവും ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് പ്രൊവിഷണൽ പ്രൊമോഷൻ നൽകുകയുണ്ടായി. ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ 2010, 2012 വർഷങ്ങളിൽ സെലക്ട് ലിസ്റ്റ് നിലവിലില്ലാത്തത് കാരണമാണ് പ്രസ്തുത ഉദ്യോഗസ്ഥർക്ക് പ്രൊവിഷണൽ പ്രൊമോഷൻ നൽകേണ്ടി വന്നതെന്നും ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളുടെ താഴ്ന്ന തസ്തികകളായ അസിസ്റ്റന്റ് ഡയറക്ടർ, റിസർച്ച് ഓഫീസർ തസ്തികകളിലേക്ക് അതുവരെ നൽകിയിരുന്ന പ്രൊവിഷണൽ പ്രൊമോഷനുകൾ ഡി.പി.സി കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കി റഗുലറൈസ് ചെയ്യുകയും തുടർന്ന് പ്രൊബേഷൻ ഡിക്ലയർ ചെയ്യുകയും ചെയ്തെങ്കിൽ മാത്രമേ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനും അതു പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ ഡി.പി.സി കൂടുന്നതിനും കഴിയുമായിരുന്നുള്ളുവെന്നും ഈ പ്രക്രിയകൾക്ക് കാലതാമസം നേരിട്ടത് മൂലമാണ് 2010, 2012 വർഷങ്ങളിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ നിലവിലുണ്ടായിരുന്ന ഒഴിവുകളിലേക്ക് പ്രൊവിഷണൽ പ്രൊമോഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കേണ്ടി വന്നിട്ടുള്ളതെന്ന് പരാമർശം 4 പ്രകാരം സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

ഈ വിഷയം 30/10/2018- ൽ കൂടിയ Departmental Promotion Committee (Higher) പരിഗണിക്കുകയും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ 2008, 2010, 2012 വർഷങ്ങളിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിനുള്ള revised select list തയ്യാറാക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ2008, 2010, 2012 വർഷങ്ങളിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്കുള്ള revised select list പരാമർശം 3 പ്രകാരം പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് പ്രൊവിഷണൽ പ്രൊമോഷൻ ലഭിച്ച ശ്രീമതി . കെ . ഷൈലമ്മ , ശ്രീമതി . എൽ . ശോഭനാ പിള്ള , ശ്രീമതി , മോളിക്കുട്ടി സി . വർക്കി , ശ്രീ . ജി . ചന്ദ്രശേഖരപിള്ള , ശ്രീ . കെ . പി . വിജയൻ , ശ്രീമതി . പി . കെ . ശാലിനി , ശ്രീമതി . എസ് . ലീലാദേവി , ശ്രീ . വി . കെ . ശ്രീജൻ, ശ്രീ .എസ്.അബ്ദുൾ സലാം, ശ്രീ.പി.വി.അബ്ദുൾ റജീബ്, ശ്രീമതി.എ.ആർ.യമുന, ശ്രീ.എസ്.ഗോപകുമാർ, ശ്രീമതി.കെ.സലീന, ശ്രീ.പി.കെ.അജിത് കുമാർ എന്നി ഉദ്യോഗസ്ഥരുടെ പ്രൊവിഷണൽ പ്രൊമോഷൻ റഗുലറൈസ് ചെയ്ത് ഉത്തരവാകണമെന്ന് സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ പരാമർശം 4 പ്രകാരം ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് ശ്രീമതി. കെ.കെ. ഷൈലമ്മ, ശ്രീമതി എൽ. ശോഭനാപിള്ള, ശ്രീമതി. മോളിക്കുട്ടി സി. വർക്കി, ശ്രീ. ജി ചന്ദ്രശേഖരപിള്ള, ശ്രീ. കെ.പി. വിജയൻ, ശ്രീമതി പി.കെ. ശാലിനി, ശ്രീമതി എസ്. ലീലാദേവി, ശ്രീ. വി.കെ.ശ്രീജൻ, ശ്രീ. എസ്. അബ്ദുൽസലാം, ശ്രീ. പി.വി. അബ്ദുള് റജീബ്, ശ്രീമതി എ.ആർ. യമുന, ശ്രീ. എസ്. ഗോപകുമാർ, ശ്രീമതി കെ. സലീന, ശ്രീ. പി.കെ. അജിത് കുമാർ എന്നിവർക്ക് പരാമർശം ഒന്നും രണ്ടും ഉത്തരവുകൾ പ്രകാരം നൽകിയിരുന്ന പ്രൊവിഷണൽ പ്രൊമോഷൻ ടിയാളുകൾ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ ചാർജെടുത്ത തീയതിയിൽ ചുവടെ ചേർക്കും പ്രകാരം റഗുലറൈസ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം. | പേര് | ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി |
|---|---|---|
| 1 | ശ്രീമതി കെ . ഷൈലമ്മ | 05/07/2010 |
| 2 | ശ്രീമതി എൽ. ശോഭനാപിള്ള | 03/07/2010 |
| 3 | ശ്രീമതി മോളിക്കുട്ടി സി . വർക്കി | 12/07/2010 |
| 4 | ശ്രീ ജി . ചന്ദ്രശേഖരപിള്ള | 07/07/2010 |
| 5 | ശ്രീ . കെ . പി . വിജയൻ | 08/07/2010 |
| 6 | ശ്രീമതി പി . കെ . ശാലിനി | 06/07/2010 |
| 7 | ശ്രീമതി എസ്. ലീലാദേവി | 05/07/2010 |
| 8 | ശ്രീ. വി.കെ.ശ്രീജൻ | 05/07/2010 |
| 9 | ശ്രീ. എസ്. അബ്ദുൽസലാം | 04/04/2012 |
| 10 | ശ്രീ. പി.വി. അബ്ദുൾ റജീബ് | 28/03/2012 |
| 11 | ശ്രീമതി എ.ആർ. യമുന | 28/03/2012 |
| 12 | ശ്രീ. എസ്. ഗോപകുമാർ | 22/03/2012 |
| 13 | ശ്രീമതി കെ. സലീന | 22/03/2012 |
| 14 | ശ്രീ. പി.കെ. അജിത് കുമാർ | 31/03/2012 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
UDAYAKUMAR. A.R.
അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, തിരുവനന്തപുരം.
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് മുഖേന)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).
6. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (25.02.2020 ലെ No. ADV-A3/24/2020-P&ARD പ്രകാരം)
7. ധനകാര്യ വകുപ്പ് ( 08.03.2021 ലെ 1391690: EXP-A3/722/2019-FN പ്രകാരം)
8. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Validity unknown
Digitally signed by MANOJ R S
Date: 2021.05.15 11:0[illegible]:58 IST
Reason: Approved
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നമ്പർ. ഇബി(1) 27290/2014/ഡിഇഎസ്, തീയതി: 22/06/2021.

ഉത്തരവിന്റെ പകർപ്പ് ഉദ്യോഗസ്ഥരുടെ അറിവിലേക്കായി വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ,
ഡയറക്ടർക്കു വേണ്ടി.

ഡെപ്യൂട്ടി ഡയറക്ടർ,
കമ്പ്യൂട്ടർ ഡിവിഷൻ.